ഇടുക്കി ജില്ലയിലെ ഫോറസ്റ്റു ഗാർഡുകളുടെ ഒഴിവുകൾ

15 (1566) ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ ആകെ എത്ര ഫോറസ്റ്റു ഗാർഡ് തസ്തികകൾ ഉണ്ട് ; അവയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് കോടതി വിധി ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിധി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) ഫോറസ്റ്റു ഗാർഡുമാരുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി പൂർത്തിയാക്കുന്നതിനു മുൻപ് നിലവിൽ ഒഴിവുള്ള തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) 465 തസ്തികകൾ ഉണ്ട്. അവയിൽ നിലവിൽ 34 ഒഴിവുകൾ ഉണ്ട്.

(ബി) ഉണ്ട്. കോടതി ഉത്തരവിൽ ഓരോ മാസത്തിലും ഉണ്ടാകുന്ന ഒഴിവുകൾ അടുത്തമാസം റിപ്പോർട്ടു ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതു പ്രകാരം താഴെപ്പറയുന്ന തീയതികളിൽ ഫോറസ്റ്റ് ഗാർഡുമാരുടെ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(1)	23-11-2000	-	4
(2)	19-12-2000	-	1
(3)	22-12-2000	-	5
(4)	12-02-2001	-	2
(5)	23-02-2001	-	1
	ആകെ		13

(സി) പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനം നടത്തേണ്ട ഒഴിവിലേയ്ക്കുള്ള നിയമനം ത്വരിതഗതിയിൽ നടത്തിവരികയാണ്.

പോത്തുപാറ ഹരിജൻ കോളനി വൈദ്യുതീകരണത്തിന് വനംവകുപ്പിന്റെ അനുമതി

16 (1567) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിലെ പോത്തുപാറ ഹരിജൻ കോളനി വൈദ്യുതീകരിക്കാൻ വനംവകുപ്പു അനുമതി നൽകിയോ ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ ;

(ബി) വൈദ്യുതീകരണത്തിനുള്ള ലൈൻ വലിക്കുന്നതിനുള്ള അനുമതി. വനംവകുപ്പു നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly